എമ്മാവൂസ്
# വചനദൂത്
Vol. VIII Issue : 62



# ശ്ലീഹാക്കാലം രണ്ടാം ഞായർ

ലൂക്കാ 7:31–50

ബ്രദർ ജോബി തെക്കേടത്ത് MCBS

**ഈ**ശോമിശിഹായിൽ സ്നേഹമുള്ളവരെ, ഉത്ഥിതനായ ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പെന്തക്കുസ്താ തിരുനാളിൽ ആത്മാവിൽ നിറഞ്ഞ് ദൈവപുത്രനു സാക്ഷ്യം വഹിച്ച ശ്ലീഹന്മാരെ അനുസ്മരിക്കുന്ന ശ്ലീഹാക്കാലം ആഗതമായി. ശ്ലീഹാക്കാലം രണ്ടാം ഞായർ ആയ ഇന്ന് നമ്മുടെ ധ്യാനത്തിനും വിചിന്തിനത്തിനുമായി തിരുസഭ നൽകിയിരിക്കുന്നത് വി. ലൂക്കായുടെ സുവിശേഷം 7-ാം അദ്ധ്യായം 31 മുതൽ 50 വരെയുള്ള തിരുവചനഭാഗങ്ങളാണ്. പാപിനിയായ സ്ത്രീയെ പുണ്യവതിയായ സ്ത്രീയാക്കി മാറ്റുന്ന കർത്താവിന്റെ “അത്ഭുതമാണ്” ഇന്നത്തെ വചനഭാഗം. വി. ലൂക്കാ സുവിശേഷകൻ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സുന്ദരമായ വചനഭാഗമാണ് ഇത്.

സുവിശേഷങ്ങളിലൂടെ കടന്നുപോകുമ്പോൾ യേശു മുൻകൈ എടുത്ത് ചില ഭവനങ്ങളിൽ വിരുന്നിനു പോകുന്നതും, ക്ഷണം സ്വീകരിച്ച് പോകുന്നതും നമുക്ക് കാണാൻ സാധിക്കും. ഇന്നത്തെ സുവിശേഷത്തിലേക്ക് കടന്നുവരുമ്പോൾ ഫരിസേ

യന്റെ ക്ഷണം സ്വീകരിച്ച് അവനോടൊപ്പം ആയിരിക്കുന്ന ദൈവപുത്രൻ. ഇന്നത്തെ സുവിശേഷത്തിൽ വിരുന്നിനേക്കാൾ പ്രാധാന്യം വിരുന്നിനിടയിൽ സംഭവിക്കുന്ന മഹനീയ സംഭവത്തിനാണ്.

ഇന്നത്തെ വചനഭാഗത്തിൽ മുഖ്യമായും മൂന്ന് കഥാപാത്രങ്ങളാണുള്ളത്. യേശുവും, പാപിനിയായ സ്ത്രീയും, വിരുന്നിന് എത്തിയവരും. ഇവരുടെ മനോഭാവങ്ങളെ വിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കും.

**1. യേശുവിന്റെ മനോഭാവം**

**2. പാപിനിയായ സ്ത്രീയുടെ മനോഭാവം**

**3. വിരുന്നിനു വന്നവരുടെ മനോഭാവം**

അനുതപിക്കുന്ന പാപിയുടെ മേൽ ഈശോ കാണിക്കുന്ന കരുണയാണ് ഇവിടെ ഏറ്റം പ്രാധാന്യമർഹിക്കുന്നത്. ഇവിടെ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം അവൾ വന്നതുപോലെയല്ല തിരിച്ചു പോയത്. വലിയ പാപഭാരവുമായി വന്ന അവൾ വലിയ സ്വാതന്ത്ര്യത്തോടും സന്തോഷത്തോടുംകൂടിയാണ് തിരിച്ചുപോയത്. അവൾ എന്തിനുവേണ്ടി കർത്താവിന്റെ അടുത്തുവന്നോ അക്കാര്യങ്ങളെല്ലാം അതിന്റെ പൂർണ്ണതയിൽ അവൾ അനുഭവിക്കുന്നു, സ്വന്തമാക്കുന്നു. അവിടെ കൂടിയിരുന്നവർ അവളെ മൂല്യമില്ലാതായി കരുതി. യേശുവിന്റെ കണ്ണിൽ അവൾ വിലയുള്ളവളായി മാറി. നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ട മറ്റൊരു കാര്യം, എല്ലാവരും അവളുടെ കുറവുകൾ മാത്രം പറഞ്ഞ് കുറ്റപ്പെടുത്തിയപ്പോൾ യേശു അവളുടെ നന്മമാത്രം കണ്ടു. 47-ാം വാക്യം ഇപ്രകാരം പറയുന്നു. എന്തെന്നാൽ, ഇവൾ അധികം സ്നേഹിച്ചു. ഇവിടെയാണ് ഈശോയുടെ മനോഭാവം മറ്റുള്ളവരിൽനിന്നും വ്യത്യസ്തമാകുന്നത്. "എന്റെ അടുക്കൽ വരുന്നവരെ ഒരു നാളും ഞാൻ തള്ളിക്കളയില്ല" എന്ന തിരുവചനം ഈശോ ഇവിടെ പൂർണ്ണമാക്കുന്നു. പാപത്തെ വെറുത്ത് പാപിനിയെ സ്നേഹിക്കുന്ന ഈശോയുടെ മനോഭാവം ഇവിടെ പൂർണ്ണമാക്കുന്നു. ക്രിസ്തു ശിഷ്യരായ നാം ഓരോരുത്തരും സ്വന്തമാക്കേണ്ടതാണ് ഈശോയുടെ ഈ മനോഭാവം.

രണ്ടാമതായി നാം ധ്യാനിക്കേണ്ട മനോഭാവം പാപിനിയായ സ്ത്രീയുടെതാണ്. വചനത്തിലൂടെ കടന്നുപോകുമ്പോൾ നാം മനസ്സിലാക്കേണ്ട ഒരു കാര്യം ഇതാണ് തന്റെ ഇപ്പോഴത്തെ അവസ്ഥയിൽനിന്നും ഒരു മാറ്റം അവൾ ആഗ്രഹിച്ചിരുന്നു. അവൾ ആ വിരുന്നിലേക്ക് കടന്നുവന്നത് അവിചാരിതമായിട്ടല്ല, മറിച്ച് യേശു അവിടെ ഉണ്ട് എന്നറിവോടുകൂടെയായിരുന്നു. വിരുന്നിന്റെ സമൃദ്ധിയെക്കാൾ അവൾ ആഗ്രഹിച്ചത് ക്രിസ്തുവിനെയായിരുന്നു. 38-ാം തിരുവചനം ഇപ്രകാരം പറയുന്നു "കണ്ണീരുകൊണ്ട് അവൾ അവന്റെ പാദങ്ങൾ കഴുകുകയും തലമുടി കൊണ്ട് തുടയ്ക്കുകയും ചുംബിയ്ക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്തു". അവൾ ഒരു പക്ഷെ ഇതിനുമുമ്പ് കരഞ്ഞിട്ടുണ്ടാകാം. പക്ഷെ ഇവിടെ ക്രിസ്തുവിനെ കണ്ടപ്പോൾ അനുതാപത്തിന്റെ ഫലമായി ഹൃദയം നൊന്ത് തന്റെ പാപത്തെ ഓർത്താണ് കരയുന്നത്. പാപം ഇല്ലാത്ത പരിശുദ്ധനായവനെ കണ്ടപ്പോൾ പാപിയുടെ ഉള്ള് പാപത്തെ പ്രതി തേങ്ങി. ക്രിസ്ത്യാനിയായി വിളിക്കപ്പെട്ട നാമോരുത്തരും മനസ്സിൽ സൂക്ഷിക്കേണ്ട മനോഭാവം ഇതാണ്. എത്ര വലിയ പാപിയായിക്കൊള്ളട്ടെ, പക്ഷെ ദൈവതിരുമുമ്പിൽ നീ വിലയേറിയ സുഗന്ധ ദ്രവ്യമാണ്. നിന്റെ തിരിച്ചുവരവിനായി അവിടുന്ന് കാത്തിരക്കുന്നു. ക്രിസ്തുവിനെ കൂടാതെ വന്ന അവൾ മടങ്ങിയത് ക്രിസ്തുവിന്റെ സ്വന്തമായിട്ടാണ്.

അവസാനമായി നാം ധ്യാനിക്കേണ്ട മനോഭാവം വിരുന്നിൽ പങ്കെടുത്തവരുടെതാണ്. വചനത്തിലൂടെ കടന്ന് പോകുമ്പോൾ നാം മനസ്സിലാക്കുന്ന ഒരു സത്യം ഇതാണ്. യേശുവിനെക്കാൾ ഉപരി അവിടെ നടക്കുന്ന സംഭവ വികാസങ്ങൾക്കാണ് അവർ പ്രധാന്യം കൊടുക്കുന്നത്. യേശുവിനെക്കാൾ ഉപരി പാപിനിയായ സ്ത്രീയുടെ പ്രവർത്തിയിലായിരുന്നു അവർ ശ്രദ്ധകൊടുത്തിരുന്നത്. പാപിനിയായ സ്ത്രീയുടെ അനുതാപത്തിന്റെ പ്രവൃത്തി അവരാരും മാതൃകയാക്കിയില്ല. മറിച്ച്, കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിനാലാണ് പാപിനിയായ സ്ത്രീക്കല്ലാതെ അവിടെ വന്ന മറ്റാർക്കും ക്രിസ്തുവിനെ സ്വന്തമാക്കാൻ കഴിയാതെ പോയത്.

ക്രിസ്തുവാണ് നമുക്ക് മതിയായവൻ. തന്റെ കരുണയുള്ള ഹൃദയം തുറന്ന് അവൻ പാപിനികളെ മാടിവിളിക്കുന്നു. നമ്മുടെ പാപത്തെക്കാൾ വലുതാണ് അവിടുത്തെ കരുണയും സ്നേഹവും എന്ന തിരിച്ചറിവ് ലഭിക്കുമ്പോഴാണ് സുവിശേഷത്തിലെ പാപിനിയായ സ്ത്രീയെപ്പോലെ അനുതാപത്തിന്റെ കണ്ണീരാൽ അവന്റെ പാദങ്ങൾ കഴുകി ചുംബിക്കാനും ക്രിസ്തുവിനെ സ്വന്തമാക്കാനും സാധിക്കൂ. അല്ലെങ്കിൽ നാമും മറ്റു വിരുന്നുകാരെപ്പോലെ ക്രിസ്തുവിനെ മാത്രം സ്വന്തമാക്കുകയില്ല. ഇന്നത്തെ തിരുവചനഭാഗം ഈ തിരിച്ചറിവിനായി നമ്മുടെ ഹൃദയങ്ങൾ തുറക്കട്ടെ

*ആമേൻ.*